**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 320** **10-06-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) |

(എ) ലൈഫ് ഭവന പദ്ധതിയിൽ ഒരു ഗുണഭോക്താവിന് നൽകുന്ന ധനസഹായം എത്ര രൂപയാണെന്നും ഇതിൽ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതം എത്രയെന്നും വ്യക്തമാക്കുമോ;

(എ) ലൈഫ് ഭവനപദ്ധതി പ്രകാരം പൊതു വിഭാഗം/ പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഒരു ഗുണഭോക്താവിന് 4 ലക്ഷം രൂപയും വിദൂര സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടിക വർഗ്ഗ വിഭാഗത്തിന് 6 ലക്ഷം രൂപയും ഭവനനിർമ്മാണത്തിന് ധനസഹായമായി നൽകി വരുന്നു.

ഇതിൽ സംസ്ഥാന സർക്കാ രിന്റെയും കേന്ദ്ര സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | സംസ്ഥാന വിഹിതം | | കേന്ദ്ര വിഹിതം | തദ്ദേശ സ്ഥാപന വിഹിതം |
|---|---|---|---|---|
| | ജനനൽ/ എസ്.സി/ എസ്.ടി | വിദൂര സങ്കേതങ്ങളിലെ പട്ടിക വർഗ്ഗം | | |
| ലൈഫ് | 1,00,000 | 3,00,000<br>(ST Remote) | ഇല്ല | 3,00,000 |
| പി.എം എ.വൈ(നഗരം) | 50,000 | | 1,50,000 | 2,00,000 |
| പി.എം എ.വൈ(ഗ്രാമിൺ) | 48,000 | | 72,000 | 2,80,000 |

തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം നൽകാൻ മതിയായ ഫണ്ട് ലഭ്യമല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ തുക (ഗ്രാമപഞ്ചായത്തുകളിൽ ഒരു ഗുണഭോക്താവിന് പരമാവധി 2,20,000 രൂപയും നഗരസഭകളിൽ 2,00,000 രൂപയും) സർക്കാർ ഗ്യാരണ്ടിയോടെ കെ.യു.ആർ.ഡി.എഫ്.സി മുഖേന ഹഡ്കോയിൽ നിന്നും വായ്പയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നു.

**ലൈഫ് ഭവനപദ്ധതിയ്ക്കായി 2017-18 വർഷം മുതൽ 31.05.2024 വരെയുള്ള ആകെ ചെലവ് (തുക കോടിയിൽ)**

| നം | ഇനം | | തുക | ആകെ |
|---|---|---|---|---|
| 1 | സംസ്ഥാന വിഹിതം | ലൈഫ് മിഷന്റെ തനത് ശീർഷകം | 2699.17 | |
| | | പിഎം.എ.വൈ സംസ്ഥാന വിഹിതം - ഗ്രാമീണ മേഖല | 250.56 | |
| | | പിഎം.എ.വൈ സംസ്ഥാന വിഹിതം - നഗര മേഖല | 466.03 | |
| | | പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും | 1126.93 | |

| | | | | |
|---|---|---|---|---|
| | | ലൈഫ് മിഷനുള്ള വിഹിതം | | |
| | | പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ചെലവ് | 726.83 | **5274.80** |
| | | ഫിഷറീസ് വകുപ്പിന്റെ വിഹിതം ലൈഫ് മിഷന് കൈമാറിയത് | 5.28 | |
| 2 | ഹഡ്കോ ലോൺ | ഗ്രാമീണ മേഖലയ്ക്കുള്ള ഹഡ്കോ ലോൺ | 3552.78 | |
| | | നഗര മേഖലയ്ക്കുള്ള ഹഡ്കോ ലോൺ | 1038.76 | 4591.54 |
| 3 | ബാങ്ക് ലോൺ | സംസ്ഥാന സഹകരണ ബാങ്കിൽ നിന്നുള്ള ബ്രിഡ്ജ് ലോൺ | 425.00 | 425.00 |
| 4 | തദ്ദേശസ്ഥാപന വിഹിതം | ത്രിതല പഞ്ചായത്തുകളുടെ വിഹിതം | 5153.73 | 5153.73 |
| 5 | കേന്ദ്ര വിഹിതം | പിഎം.എ.വൈ - കേന്ദ്ര വിഹിതം - ഗ്രാമീണ മേഖല | 704.38 | |
| | | പിഎം.എ.വൈ - കേന്ദ്ര വിഹിതം - നഗര മേഖല | 1377.31 | 2081.69 |
| ആകെ | | | 17526.76 | 17526.76 |

| | | | |
|---|---|---|---|
| (ബി) | ലൈഫ് ഭവന പദ്ധതിക്കായി ഹഡ്കോ ഉൾപ്പെടെയുള്ള സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും വായ്പ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും എത്ര തുക വീതം എപ്പോളൊക്കെയാണ് വായ്പ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്.<br><br>ലൈഫ് ഭവനപദ്ധതിയുടെ നിർവ്വഹണത്തിൽ ഹഡ്കോ, എറണാകുളം ജില്ല സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്. എറണാകുളം ജില്ല സഹകരണ ബാങ്കിൽ നിന്നും 2018-19 വർഷത്തിൽ ബ്രിഡ്ജ് ലോണായി 425 കോടി രൂപ സ്വീകരിച്ചു.<br><br>ഹഡ്കോയിൽ നിന്ന് 2018 മുതൽ 31.05.2024-വരെ ഗ്രാമ, നഗര പ്രദേശങ്ങളിലെ വ്യക്തിഗത ഭവനനിർമ്മാണത്തിനായി ആകെ അനുവദിച്ച 5470 കോടി രൂപയിൽ ഇതുവരെ 4591.54 കോടി രൂപ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വായ്പ തിരിച്ചടവിന്റെ മാനദണ്ഡങ്ങളും പലിശ നിരക്കും തിരിച്ചടവ് കാലാവധിയും വായ്പകളുടെ തിരിച്ചടവ് ബാധ്യത നിക്ഷിപ്തമായിരിക്കുന്നത് ആരിലാണെന്നും വ്യക്തമാക്കുമോ? | (സി) | 2018-19ൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും സംസ്ഥാന സർക്കാർ ബ്രിഡ്ജ് ലോണായെടുത്ത 425 കോടി രൂപയുടെ ബാദ്ധ്യത സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരുന്നു. ആയത് 13 തുല്യ തവണകളായി സംസ്ഥാന സർക്കാർ ബജറ്റ് വിഹിതത്തിൽ നിന്നും പലിശ സഹിതം പൂർണ്ണമായും തിരിച്ചടച്ചു. പലിശ 9.50 ശതമാനം.<br><br>ഹഡ്കോ വായ്പ തിരിച്ചടവ് കാലയളവ് 15 വർഷമാണ്. ഹഡ്കോയിൽ നിന്ന് കെ.യു.ആർ.ഡി.എഫ്.സി മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന വായ്പയുടെ മുതൽ തിരിച്ചടവ് സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്ന് ആനുപാതികമായി കുറവ് ചെയ്ത് കെ.യു.ആർ.ഡി.എഫ്.സി മുഖേന ഹഡ്കോയ്ക്ക് നല്കുകയാണ് ചെയ്യുന്നത്.<br><br>വായ്പയുടെ നിലവിലെ പലിശ നിരക്ക് 8.75 ശതമാനമാണ്. പലിശ തുക ഒരു സാമ്പത്തിക വർഷം 4 ഗഡുക്കളായി സർക്കാർ ഹഡ്കോയ്ക്ക് നല്കുന്നു. സർക്കാർ ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഹഡ്കോ-യിൽ നിന്നും വായ്പ അനുവദിച്ചിട്ടുള്ളത്. വായ്പയുടെ മുതൽ തിരിച്ചടവ് ബാദ്ധ്യത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ബജറ്റിൽ നിന്നും അനുവദിക്കുന്ന വികസന ഫണ്ടിൽ നിക്ഷിപ്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും വായ്പാ മുതൽ തിരിച്ചടവിനത്തിൽ ആനുപാതികമായി |

| | | | |
|---|---|---|---|
| | | | ഉറവിടത്തിൽ വെച്ച് തന്നെ കുറവ് ചെയ്ത് കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയ്ക്ക് നൽകേണ്ട ബാധ്യതയും ടി വായ്പയുടെ പലിശയുടെ ബാധ്യതയും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ